# KPSTA സ്റ്റേറ്റ് അക്കാദമിക് കൗൺസിൽ
# സി .എം കിഡ്സ് L P സ്കോളർഷിപ്പ്
## മാതൃകാ പരീക്ഷ 2026

| | | | | | | |
|---|---|---|---|---|---|---|
| റോൾ നമ്പർ അക്കത്തിൽ | | | | | | |
| അക്ഷരത്തിൽ | | | | | | |

### പേപ്പർ 1
### പൊതുനിർദ്ദേശങ്ങൾ

* പരീക്ഷയുടെ ദൈർഘ്യം രണ്ട് മണിക്കൂറാണ്.
* ഇതിൽ ആദ്യത്തെ 15 മിനിട്ട് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനുള്ള സമാശ്വാസ സമയവും പിന്നീടുള്ള 1 മണിക്കൂർ 45 മിനിട്ട് ഉത്തരമെഴുതുവാനുള്ള സമയവുമായിരിക്കും.
* ശരിയായ ഓപ്ഷനു നേരെ നൽകിയിരിക്കുന്ന ബോക്സിൽ ടിക്ക് (✓) ചെയ്ത് ഉത്തരം രേഖപ്പെടുത്തേണ്ടതാണ്.
* പേപ്പർ (I) ൽ ആകെ 50 ചോദ്യങ്ങളുണ്ടായിരിക്കും
* ഓരോ ചോദ്യത്തിനും ഒരു സ്കോർ വീതമായിരിക്കും.

1 മുതൽ 10 വരെയുള്ള ചോദ്യങ്ങൾ ഒന്നാം ഭാഷയിൽ നിന്നുള്ളതും

11 മുതൽ 20 വരെയുള്ള ചോദ്യങ്ങൾ ഇംഗ്ലീഷും

21 മുതൽ 30 വരെയുള്ള ചോദ്യങ്ങൾ ഗണിതവും

31 മുതൽ 40 വരെയുള്ള ചോദ്യങ്ങൾ പരിസരപഠനവും

41 മുതൽ 50 വരെയുള്ളവ പൊതുവിജ്ഞാനത്തിൽ നിന്നുള്ളതുമായിരിക്കും.

### മലയാളം

1. നക്ഷത്രങ്ങളിലേക്ക് മിഴി തുറന്നൊരാൾ എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രസ്താവനകളിൽ യോജിക്കാത്തത് ഏതാണ് ?

i) തടസ്സങ്ങളിൽ തട്ടി വീഴുന്നവരെല്ലാം അതിനെ മറികടക്കുന്നവരാണ്.
ii) ജീവിതത്തിലെ പ്രയാസങ്ങൾ നമ്മെ വിജയിക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കും.
iii) ലക്ഷ്യവും വിശ്വാസവും ഉണ്ടെങ്കിൽ പ്രയാസങ്ങൾ ഒരിക്കലും നമ്മുടെ വിജയത്തിന് തടസ്സം ആവില്ല.
iv) പരാജയപ്പെടും എന്ന് ഉറപ്പായാൽ ശ്രമം ഉപേക്ഷിക്കുകയാണ് നല്ലത്.

A) ii, iv ☐ B) iii, iv ☐
C) i, ii, iv ☐ D) iii, i ☐

2. താഴെപ്പറയുന്നവയിൽ ശരിയായ ജോഡി തിരഞ്ഞെടുക്കുക.

i) നിർഭയ - സുഗതകുമാരി
ii) കാട്ടിലോടുന്ന വണ്ടി - ഒ.എൻ.വി.
iii) കാത്തിരിപ്പ് - വള്ളത്തോൾ
iv) കറുമ്പി പയ്യ് - ഇടശ്ശേരി

A) ii, iv തെറ്റ് ☐ B) ii, iv ശരി ☐
C) i, iv ശരി ☐ D) i, iv തെറ്റ് ☐

3. നക്ഷത്രം പോലെ തിളങ്ങുന്ന കണ്ണുകൾ, പാൽ പുഞ്ചിരി പൊഴിക്കുന്ന മുഖം ഇവയൊക്കെ സന്തോഷത്തെ സൂചിപ്പിക്കുന്ന വിശേഷണങ്ങളാണ്. എങ്കിൽ താഴെപ്പറയുന്നവയിൽ ''സങ്കടം'' എന്ന വാക്കുമായി ബന്ധപ്പെട്ട് ചേർക്കാവുന്ന വിശേഷണങ്ങൾ ഏതൊക്കെയാണ്?
i) ആനന്ദ കണ്ണീർ ധാരധാരയായി ഒഴുകി
ii) വദനാംബുജം വാടി
iii) സങ്കടത്തിരമാല ആഞ്ഞടിച്ചു.
iv) കണ്ണീർ കുടിപ്പിച്ചു

A) ii, iii ശരിയാണ്. ☐ B) i , iii ശരിയാണ്. ☐
C) എല്ലാം ശരിയാണ്. ☐ D) i, ii ശരിയാണ്. ☐

4. അമ്മു പത്താം ക്ലാസിലാണ് പഠിക്കുന്നത് . അവൾ പഠിക്കാൻ വളരെ മിടുക്കിയും ആണ്. പക്ഷേ അവൾക്കൊരു ദു:ശ്ശീലമുണ്ട്. ഇടയ്ക്കിടെ നഖം കടിച്ചു കൊണ്ടേയിരിക്കും. എന്തിനും ഏതിനും പഴഞ്ചൊല്ലുകൊണ്ടു മറുപടി
പറയുന്ന അമ്മുവിൻറെ മുത്തശ്ശി ഇത് കണ്ട് അവളോട് പറയാൻ ഇടയുള്ള പഴഞ്ചൊല്ല് ഏതായിരിക്കും?

A) വിത്തുഗുണം പത്തുഗുണം ☐ B) ചൊട്ടയിലെ ശീലം ചുടല വരെ ☐
C) വെട്ടൊന്ന് മുറി രണ്ട് ☐ D) കാണം വിറ്റും ഓണം ഉണ്ണണം. ☐

5. അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ (കുമാരനാശാൻ)
ഈ വരികളുടെ ആശയവുമായി ചേർന്നുനിൽക്കുന്ന ഗദ്യ ഭാഗം തിരഞ്ഞെടുക്കുക.
i) മറ്റുള്ളവർക്ക് നന്മ ചെയ്തുകൊണ്ട് സ്വന്തം ജീവിതം സഫലമാക്കുന്നവരാണ് യഥാർത്ഥ വിവേകികൾ .
ii) അന്യർക്ക് വേണ്ടി സ്വന്തം ജീവിതം ഇല്ലാതാക്കുന്നവരാണ് വിവേകികൾ.
iii) പരോപകാരമാണ് ഏറ്റവും വലിയ പുണ്യ പ്രവർത്തി.
iv) സ്വന്തം കാര്യങ്ങൾ മാത്രം നോക്കി ചെയ്യുന്നവരാണ് വിവേകികൾ.

A) i, iv ശരി ☐ B) ii, iii ശരി ☐
C) i, iii ശരി ☐ D) ii, iv ശരി ☐

6. അനക്കാതടർത്തുമ്പോഴെന്നെ .. ഇത് പിരിച്ചെഴുതിയാൽ

A) അനക്കാ+ തടർത്തുമ്പോ + ഴെന്നെ ☐ B) അനക്കാതെ +അടർത്തുമ്പോൾ + എന്നെ ☐
C) അനക്കാതടർത്തു + മ്പോഴെന്നെ ☐ D) അനക്കാതെ + അടർത്തുമ്പോ + ഴെന്നെ ☐

7. അനുയോജ്യമായ പ്രയോഗം കണ്ടെത്തുക.
നീണ്ട യാത്ര കഴിഞ്ഞ് മുത്തശ്ശി നഗരത്തിലെ ഫ്ളാറ്റിൽ തിരിച്ചെത്തി.
പുറത്തു പെയ്യുന്ന മഴയിലേക്ക് നോക്കി നിന്നപ്പോൾ മുത്തശ്ശിയുടെ മനസ്സിലേക്ക് ജനിച്ചുവളർന്ന വീടിന്റെയും ഗ്രാമത്തിന്റെയും പഴയ ഓർമകൾ...............

A) മഴപോലെ പെയ്തു തോർന്നു ☐ B) ഇരമ്പിയാർത്തു ☐
C) പൊട്ടിമുളച്ചു ☐ D) തണുത്തുറഞ്ഞു ☐

8. മരണത്തിന്റെ മണം പരത്തുന്ന രോഗമായിരുന്നു സ്റ്റീഫൻ ഹോക്കിങ്ങിന്. എങ്കിലും പ്രയാസങ്ങളിൽ തളരാതെ അദ്ദേഹം ഈ സാഹചര്യം വിജയത്തിലേക്കുള്ള പടികളാക്കി മാറ്റി.അദ്ദേഹത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നവയിൽ ശരിയല്ലാത്തത് ഏതാണ് ?

A) ശുഭപ്രതീക്ഷകളിൽ വിശ്വാസമർപ്പിച്ച് അദ്ദേഹം പ്രവർത്തിച്ചു ☐
B) എല്ലാവരും തന്റെ ആരോഗ്യത്തെ പറ്റി ആശങ്കപ്പെട്ടപ്പോൾ അദ്ദേഹം മുന്നേറാനുള്ള തന്റെ തീരുമാനം മാറ്റിവെച്ചു. ☐
C) പ്രിയപ്പെട്ടവരുടെ പിന്തുണയും സാങ്കേതികവിദ്യയുടെ സഹായവും അദ്ദേഹത്തിന്റെ വിജയത്തിന്റെ പ്രധാന കണ്ണികൾ ആയിരുന്നു. ☐
D)തന്റെ അചഞ്ചലമായ മനോബലം മറ്റെന്തിനേക്കാളും മുകളിലാണെന്ന് അദ്ദേഹം വിശ്വസിച്ചു. ☐

9. പവനൻ, മാരുതൻ, തെന്നൽ, ഇവ താഴെ പറയുന്നവയിൽ ഏതിന്റെ പര്യായപദങ്ങളാണ്?

A) മല ☐ B) പുഴ ☐

C) കാറ്റ് ☐ D) തുമ്പി ☐

10. ഒരുതരി കസ്തൂരി ഗന്ധം എവിടെയോ കാറ്റിൽ കലരുന്നു (എൻ എൻ കക്കാട് - സഫലമീ യാത്ര)
കവിതയിലെ ഈ വരികൾ ഏത് പഞ്ചേന്ദ്രിയത്തെയാണ് പ്രതിനിധീകരിക്കുന്നത്?

A) കണ്ണ് ☐ B) മൂക്ക് ☐

C) നാക്ക് ☐ D) ത്വക്ക് ☐

## English

11. One day a traveller arrived at a village. He was <u>*very tired*</u> after the long journey.
Find out the synonym of the underlined word.

(A) irritated ☐ (B) exhausted ☐

(C) consoled ☐ (D) sliced ☐

12."Wow". What fantastic tales Didi read out to them !
Choose the appropriate emotion for the given sentence from the options below :

(A) fear ☐ (B) sadness ☐

(C) wonder ☐ (D) anger ☐

13. Which is the following is an incorrect set ?

(A) walk -walked ☐ (B) taste - tasted ☐

(C) write -writed ☐ (D) cook -cooked ☐

14. Choose the logical reason.
We have to read books because...

i) They help us to learn new things
ii ) They do not improve our knowledge.
iii ) They teach us good values.
iv) They are boring.

(A) i and ii ☐ (B) i and iv ☐

(C) i , ii and iii ☐ (D) i and iii ☐

**Read the following passage and answer the questions given below.**

The children wanted to make a beautiful garden in their school. The headmaster gave some tiny seeds. The students tried to work alone, but they tired. Then they decided to join hands and work together. They dug the soft soil and sowed the tiny seeds. The others watered. In a few days the garden started to bloom with colourful flowers. The children were very happy.

15. The students decided to join hands. Here to join hands mean ?

(A). work alone. ☐ (B) run away from work. ☐

(C) work together. ☐ (D) feeling afraid. ☐

16.Select the correct sequence of the events.

(A) The headmaster gave seeds --- they dug the soft soil --- they sowed the tiny seeds -- they watered -- the garden started to bloom

(B) The headmaster gave seeds --- they dug the soft soil -- the garden started to bloom--- they watered -- they sowed the tiny seeds.

(C) They dug the soft soil -- the headmaster gave seeds --- they watered --- the garden started to bloom-- they sowed the tiny seeds.

(D) The headmaster gave seeds --- the garden started to bloom -- they watered-- they dug the soft soil ---they sowed the tiny seeds

17. Minnu was trying to complete a word puzzle. She was confused about the meaning of two words. The clues for each word were like this.

a) To come near b) A ray of light

Find out the words..

(A) approach, beam ☐ (B) beam, lush ☐

(C) vast, approach ☐ (D) approach, shelter ☐

18.Find out the correct word from the options and fill in the blanks.

Why did the firemen ---------- Dilna to the firestation.

(A) inviting ☐ (B) invites ☐

(C) invite ☐ (D) invited ☐

19. Arun reveals the truth.

Which one of the following are the antonyms of reveals.

(A) unreveals, hides ☐ (B) conceals, hides ☐

(C) enough, hides ☐ (D) opens, conceals ☐

20. Pick out the apt rhyming words for night

i) Light - fight ii ) white - pit

iii) sight - tight iv ) right - might

(A) i , ii and iv ☐ (B) i , iii and iv ☐

(C) i , ii and iii ☐ (D)All the above. ☐

## ഗണിതം

21) 1 മുതൽ 149 വരെ എണ്ണിയാൽ എത്ര ഒറ്റ സംഖ്യകൾ ഉണ്ടാകും ?

A) 150 ☐ B) 149 ☐

C) 70 ☐ D). 75 ☐

22) 50 മീറ്റർ അകലത്തിൽ 5 പോസ്റ്റുകൾ സ്ഥാപിച്ചാൽ ഒന്നാമത്തെയും അഞ്ചാമത്തെയും പോസ്റ്റുകൾ തമ്മിലുള്ള അകലം എത്ര?

A) 100 M ☐ B) 250 M ☐

C) 200 M ☐ D) 150 M ☐

23) തന്നിരിക്കുന്ന അളവുകളിൽ ചതുരം വരയ്ക്കാൻ സാധിക്കുന്ന അളവുകൾ ഏതൊക്കെ?
i. 5,4,3,5 ii. 7,4,7,4 iii. 10,5,5,10 iv. 3,3,3,4

A) i, ii ☐ B) iii, iv ☐
C) ii, iii ☐ D) i, iv ☐

24) ഒരു സംഖ്യയോട് 400 കൂട്ടുന്നതിന് പകരം 4000 കൂട്ടിയപ്പോൾ കിട്ടിയ തുക 9000 ആണെങ്കിൽ ശരിയായ ഉത്തരം എത്രയാണ്?

A) 4000 ☐ B) 5400 ☐
C) 4400 ☐ D) 9400 ☐

25). ഒരു ടാൻഗ്രാമുമായി ബന്ധപ്പെട്ട് ശരിയല്ലാത്ത പ്രസ്താവന ഏത്?
i. ഒരു ടാൻഗ്രാമിൽ 7 രൂപങ്ങൾ ഉണ്ട്. ii. 5 ത്രികോണങ്ങൾ ഉണ്ട്
iii. ത്രികോണങ്ങൾ മാത്രം ചേർന്ന് രൂപമാണ് ടാൻഗ്രാം
iv ആകെയുള്ള ത്രികോണങ്ങളിൽ രണ്ടെണ്ണം വലുതാണ്. .
v. ചതുരം, സാമാന്തരികം, ത്രികോണം എന്നിവ ചേർന്ന ഒരു സമചതുരം ആണ് ടാൻഗ്രാം.

A) iii . ☐ B) i, ii ☐
C) iii, iv ☐ D) v ☐

26) താഴെ തന്നിരിക്കുന്ന കടങ്കഥയുടെ ഉത്തരമാകാൻ സാധ്യതയുള്ള പ്രസ്താവനകൾ ഏതൊക്കെ?
'ഞാൻ 6000 നും 7000 നും ഇടയിലാണ്. അക്കങ്ങളുടെ തുക 9 ആണ്. എന്നിൽ പൂജ്യം ഇല്ല'
i. ആയിരത്തിന്റെ സ്ഥാനത്ത് 6 ആയിരിക്കും ii. ബാക്കി അക്കങ്ങളുടെ തുക 3 ആയിരിക്കും
iii. സാധ്യമായ അക്കങ്ങൾ 1, 1 ,1 ആയിരിക്കും iv. സംഖ്യ 6111 ആണ്.

A) i, iii, iv ശരി ☐ B) i, ii, iii ശരി ☐
C) i, iii, iv ശരി ☐ D) i, ii, iii, ivശരി ☐

27). കൂട്ടക്കയം എൽ. പി സ്കൂളിലെ വിദ്യാർത്ഥികൾ വിദ്യാലയത്തിൽ നിന്നും 36 കിലോമീറ്റർ അകലെയുള്ള മൃഗശാല സന്ദർശിക്കുവാൻ യാത്രയായി. ഒരു മണിക്കൂർ കൊണ്ട് അവർ 28 കിലോമീറ്റർ 750 മീറ്റർ യാത്ര ചെയ്തു. മൃഗശാലയിൽ എത്താൻ എത്ര ദൂരം കൂടി ഇനി യാത്ര ചെയ്യണം?

A) 7150 മീറ്റർ ☐ B) 7 കിലോമീറ്റർ 25 മീറ്റർ ☐
C) 7250 മീറ്റർ ☐ D) 7 കിലോമീറ്റർ ☐

28) മിനിറ്റ് സൂചി 2 ൽ തുടങ്ങി 7 ൽ എത്താൻ എടുക്കുന്ന സമയം എത്ര?

A) 20 മിനിറ്റ് ☐ B) 30 സെക്കന്റ് ☐
C). 25 മിനിറ്റ് ☐ D) അരമണിക്കൂർ ☐

29) റിയ 8 പെൻസിൽ 60 രൂപയ്ക്ക് വാങ്ങി. എങ്കിൽ 20 പെൻസിൽ വാങ്ങാൻ എത്ര രൂപ വേണം?

A) 120 രൂപ ☐ B) 150 രൂപ ☐
C) 100 രൂപ ☐ D) 200 രൂപ ☐

30) കിഷോർ താൻ നട്ടുവളർത്തിയ നെല്ലി മരത്തിൽ നിന്ന് കുറച്ച് അധികം നെല്ലിക്ക പറിച്ചെടുത്തു. പറിച്ചതിൽ പകുതി അയൽപക്കത്തുള്ള തന്റെ കൂട്ടുകാരന് കൊടുത്തു. ബാക്കിയുണ്ടായിരുന്നതിന്റെ പകുതി തൻറെ സഹോദരന് കൊടുത്തു. മിച്ചം ഉണ്ടായിരുന്ന 25 എണ്ണം അമ്മയുടെ കയ്യിൽ കൊടുത്തു. എങ്കിൽ പറിച്ചെടുത്ത നെല്ലിക്ക എത്ര എണ്ണമായിരുന്നു?

A) 50 ☐ B) 100 ☐
C)150 . ☐ D) 75 ☐

## പരിസര പഠനം

31. സംസ്ഥാനങ്ങൾ,പ്രധാന കലാരൂപങ്ങൾ എന്നിവയുമായി ബന്ധ പ്പെട്ട് ശരിയായ ജോഡികൾ ഏതൊക്കെ?
i ) അസം - ബിഹു
ii ) ആന്ധ്രാപ്രദേശ് - ഭരതനാട്യം
iii ) ഗുജറാത്ത് - ഭാംഗ്ര
iv) മഹാരാഷ്ട്ര -തമാശ

A ) ii , iv ശരിയാണ് ☐ B) i , iii ശരിയാണ് ☐
C) i , iv ശരിയാണ് ☐ D) ii , iii ശരിയാണ് ☐

32. താഴെപ്പറയുന്നവയിൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനത്തിൽ പെടാത്തതേത് ?
i) തരിശു നിലങ്ങളിൽ മരങ്ങൾ വച്ച് പിടിപ്പിക്കുന്നു
ii) പായൽ നിറഞ്ഞ കുളങ്ങൾ മണ്ണിട്ടുമൂടുന്നു
iii ) വയൽ നികത്തി റബ്ബർ നടുന്നു
iv) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വസ്തുക്കൾ പുന:ചംക്രമണത്തിന് വിധേയമാക്കുന്നു

A) i, ii ☐ B) ii , iii , iv ☐
C) ii , iv ☐ D) ii , iii ☐

33. താപനില അളക്കുവാൻ ഉപയോഗിക്കുന്ന തെർമോമീറ്ററിൽ ഉപയോഗിക്കുന്ന ലോഹമേത് ?

A) സ്വർണം ☐ B) മെർക്കുറി ☐
C) വെള്ളി ☐ D) ബ്രോമിയം ☐

34. ഗാന്ധിജി നേതൃത്വം നൽകിയ സമരങ്ങൾ കാലക്രമത്തിനനുസരിച്ച് ക്രമീകരിച്ച കൂട്ടമേത് ?

A) നിസഹകരണ പ്രസ്ഥാനം, ചമ്പാരൻ, ഉപ്പുസത്യാഗ്രഹം ☐
B) ഉപ്പുസത്യാഗ്രഹം, നിസഹകരണ പ്രസ്ഥാനം, ചമ്പാരൻ ☐
C) ചമ്പാരൻ, ഉപ്പുസത്യാഗ്രഹം, നിസഹകരണ പ്രസ്ഥാനം ☐
D) ചമ്പാരൻ , നിസഹകരണ പ്രസ്ഥാനം, ഉപ്പുസത്യാഗ്രഹം ☐

35. ശരിയായ ജോഡി കണ്ടെത്തുക
i) തേൻ കുരുവി - (a) പറക്കുമ്പോൾ ശബ്ദമുണ്ടാക്കാത്ത തൂവൽ കുപ്പായം
ii ) പരുന്ത് - (b) ഉളി പോലെ മൂർച്ചയേറിയ ചുണ്ടുകൾ
iii ) മരംകൊത്തി - (c )കുഴൽ പോലെ കൊക്കുകൾ
iv) മൂങ്ങ - (d)കൂർത്തു വളഞ്ഞ നഖങ്ങൾ

A. i (a), ii (b), iiii (c), iv (d) ☐ B. iii(b), ii(c) iii (d), iv (a) ☐
C. i (c), ii (d) , iii (a), iv (b) ☐ D. i (c), ii (d) , iii (b ), iv (a) ☐

36. താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായവ ഏതെല്ലാം?
(i) ഖരപദാർത്ഥങ്ങൾക്ക് സ്ഥിരമായ ആകൃതിയും ഭാരവുമുണ്ട്.
(ii) ദ്രാവകങ്ങൾക്ക് സ്ഥിരമായ ആകൃതിയുണ്ട്.
(iii) വാതകങ്ങൾക്ക് ആകൃതിയോ ഭാരമോ ഇല്ല.

A) (i) മാത്രം ☐ B) (i), (iii) എന്നിവ ☐
C) (i), (ii) എന്നിവ ☐ D) ഇവയെല്ലാം ശരിയാണ് ☐

37. കലാരൂപം തിരിച്ചറിയുക
നർമം കലർന്ന സംഭാഷണങ്ങൾ ഉപയോഗിക്കുന്നു സാമൂഹിക അനാചാരങ്ങളേയും അനീതിയേയും വിമർശിക്കുന്നു കുഞ്ചൻ നമ്പ്യാരാണ് ഇതിന്റെ ഉപജ്ഞാതാവ്

A) കഥകളി ☐ B) കൂടിയാട്ടം ☐
C) തുള്ളൽ ☐ D) തിരുവാതിര ☐

38.ഭൂമിയുടെ ഭ്രമണം, പരിക്രമണം ഇവയ്ക്കു വേണ്ട സമയം യഥാക്രമം കണ്ടെത്തുക

A) 24 മണിക്കൂർ, 365 1/4 ദിവസം ☐ B) 24 മണിക്കൂർ 8 സെക്കന്റ് , 366 ദിവസം ☐
C) ഒരു വർഷം , ഒരു ദിവസം ☐ D) 48 മണിക്കൂർ, 365 ദിവസം ☐

39. കടൽത്തീരമല്ലാത്ത ജില്ലകളുടെ കൂട്ടമേത് ?

A) വയനാട്,കൊല്ലം, ഇടുക്കി പാലക്കാട് ☐ B) വയനാട്,പാലക്കാട്,പത്തനംതിട്ട, മലപ്പുറം ☐
C) ഇടുക്കി, പാലക്കാട്, വയനാട്, കോട്ടയം,പത്തനംതിട്ട ☐
D) ഇടുക്കി, വയനാട്, കണ്ണൂർ, പാലക്കാട് ☐

40) കലാരൂപങ്ങളെ കുറിച്ച് ശരിയായ പ്രസ്താവനകൾ ഏതൊക്കെയാണ്.
i ) തെയ്യം തെക്കൻ കേരളത്തിൽ പ്രചാരമുള്ള ഒരു അനുഷ്ഠാന കലാരൂപമാണ്.
ii) മാർഗ്ഗം കളിയുടെ വേഷം ചട്ടയും മുണ്ടുമാണ്.
iii) മുസ്ലീം വിവാഹവുമായി ബന്ധപ്പെട്ട കലാരൂപമാണ് ഒപ്പന.
iv) കലകളുടെ രാജാവ് എന്നറിയപ്പെടുന്ന കലാരൂപമാണ് കൂടിയാട്ടം.

A ) ii , iii ശരിയാണ്. ☐ B ) i , ii , iii ശരിയാണ്. ☐
C) i , ii , iii , iv ശരിയാണ്. ☐ D) ii , iii , iv എന്നിവ ശരിയാണ്. ☐

## പൊതു വിജ്ഞാനം

41) ഓടക്കുഴൽ പുരസ്കാരത്തെ സംബന്ധിച്ച പ്രസ്താവനകളിൽ ശരിയായത് ഏത്?
i) ആദ്യത്തെ പുരസ്കാര ജേതാവ് വൈലോപ്പിള്ളി ശ്രീധരമേനോനാണ്.
ii) 2026 ലെ പുരസ്കാരം ലഭിച്ചത് സാഹിത്യ നിരൂപകൻ ഇ. പി രാജഗോപാലനാണ്.
iii) മഹാകവി ജി ശങ്കരക്കുറുപ്പ് ആണ് ഓടക്കുഴൽ പുരസ്കാരം ഏർപ്പെടുത്തിയത്.
iv) ഉൾക്കഥ എന്ന കൃതിയാണ് 2026 ലെ അവാർഡിനർഹമായത്.

A) i, ii ശരിയാണ്. ☐ B) i , iv ശരിയാണ്. ☐
C) ii, iii, iv ശരിയാണ്. ☐ D) എല്ലാം ശരിയാണ്. ☐

42) ജില്ലകളുടെ ഔദ്യോഗിക പക്ഷികളായി തിരഞ്ഞെടുക്കപ്പെട്ടവയുമായി ബന്ധപ്പെട്ട് ശരിയായ ജോഡികൾ ഏതൊക്കെ ?
i) കോഴിക്കോട് - മേനിപ്പൊന്മാൻ ii ) കാസറഗോഡ് -വെള്ളവയറൻ കടൽപ്പരുന്ത്
iii) തൃശ്ശൂർ മോതിരതത്ത iv) തിരുവനന്തപുരം - മയിൽ

A) i iv ശരിയാണ്. ☐ B) i ii iii ശരിയാണ്. ☐
C) i ii ശരിയാണ്. ☐ D) എല്ലാം ശരിയാണ് ☐

43 ) കേരളത്തിലെ നദികളെ സംബന്ധിച്ച് തെറ്റായ പ്രസ്താവനകൾ ഏതൊക്കെ ?
i) കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി പെരിയാർ ആണ്.
ii) പാമ്പാർ ഉത്ഭവിക്കുന്നത് വയനാട്ടിൽ നിന്നാണ്.
iii) കബനി , പാമ്പാർ , ഭവാനി എന്നിവ കേരളത്തിലെ കിഴക്കോട്ട് ഒഴുകുന്ന മൂന്നു നദികളാണ്.
iv) കേരളത്തിലെ ഏറ്റവും നീളം കുറഞ്ഞ നദി വളപട്ടണം പുഴയാണ്.

A) ii, iv തെറ്റാണ്. ☐ B) ii മാത്രം തെറ്റാണ്. ☐
C) iv മാത്രം തെറ്റാണ്. ☐ D) എല്ലാം തെറ്റാണ്. ☐

44) സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിനെ കുറിച്ചുള്ള ചില വിവരങ്ങൾ നോക്കൂ .ഇതിൽ തെറ്റായ പ്രസ്താവനകൾ ഏത്?
i) പിതാവ് മോത്തിലാൽ നെഹ്റു ആണ്.
ii) അദ്ദേഹം ആധുനിക ഭാരതത്തിൻറെ ശില്പി എന്ന് അറിയപ്പെടുന്നു.
iii) ‘എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ ‘അദ്ദേഹത്തിന്റെ ആത്മകഥയാണ്.
iv) രാജ്ഘട്ട് നെഹ്റുവിന്റെ സമാധി സ്ഥലമാണ്.

A) i, ii ☐ B) ii, iii ☐
C) iii, iv ☐ D) i, iv ☐

45) ഇടുക്കി ജില്ലയെ കുറിച്ചുള്ള ചില വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത് ഇതിൽ ശരിയായത് ഏതെല്ലാം?
i) കേരളത്തിലെ ഏറ്റവും വലിയ ജില്ല. ii) ആസ്ഥാനം പൈനാവ് ആണ്.
iii ) ഏറ്റവും കൂടിയ ജനസാന്ദ്രതയുള്ള ജില്ല. iv) ദക്ഷിണേന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ ആനമുടി സ്ഥിതി ചെയ്യുന്നു

A) i ഉം ii ഉം ശരിയാണ് ☐ B) ii മാത്രം ശരിയാണ് ☐
C) i ഉം ii ഉം iv ഉം ശരിയാണ് ☐ D) എല്ലാം ശരിയാണ് ☐

46) 2025 ൽ പത്മ പുരസ്കാരം ലഭിച്ച മലയാളി ഹോക്കി താരം ആര് ?

A) ഐ എം വിജയൻ ☐ B) മാനുവൽ ഫെഡറിക് ☐
C) പി ആർ ശ്രീജേഷ് ☐ D) വിശ്വനാഥൻ ആനന്ദ് ☐

47) ഇന്ത്യയുടെ വന്ദ്യവയോധികൻ എന്നറിയപ്പെടുന്നത് ആരാണ് ?

A) ഗാന്ധിജി ☐ B) ജവഹർലാൽ നെഹ്റു ☐
C) സുഭാഷ് ചന്ദ്ര ബോസ് ☐ D) ദാദാഭായ് നവറോജി ☐

48. ബഹിരാകാശ യാത്രികനായ ശുഭാംശു ശുക്ലയെ കുറിച്ചുള്ള ചില വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. ഇതിൽ ശരിയായവ ഏതൊക്കെ ?
i) രാകേഷ് ശർമ്മയ്ക്ക് ശേഷം ബഹിരാകാശത്തേക്ക് യാത്ര ചെയ്യുന്ന രണ്ടാമത്തെ ഇന്ത്യക്കാരൻ.
ii) രാജ്യം അശോകചക്ര നൽകി ആദരിച്ചു .
iii) ഭാരതത്തിലെഏറ്റവും ഉയർന്ന ബഹുമതിയായ ഭാരതരത്നം അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.
iv) ആക്സിയം മിഷൻ – 4 ദൗത്യത്തിന്റെ പൈലറ്റ് ആയിരുന്നു ശുഭാംശു ശുക്ല.

A ) i ഉം ii ഉം ശരിയാണ് ☐ B) i ഉം ii ഉം iii ഉം ശരിയാണ് ☐
C) i ഉം ii ഉം iv ഉം ശരിയാണ് ☐ D) എല്ലാം ശരിയാണ് ☐

49) ലോക അങ്ങാടി കുരുവി ദിനമായി ആചരിക്കുന്നത് ?

A) ജൂൺ 20 ☐ B) ജൂലൈ 20 ☐
C) മാർച്ച് 20 ☐ D) മെയ് 20 ☐

50. കേരളത്തിലെ ആദ്യത്തെ ചിത്രശലഭ സങ്കേതം ഏത് ?

A) സൈലന്റ് വാലി ☐ B) ഇരവികുളം ☐
C) പെരിയാർ ☐ D) ആറളം ☐